സാഹിത്യവാരഫലം

1984/09/16 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1984/09/16-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

പണ്ട് ഒരു ബുദ്ധവിഹാരത്തിൽ ഒരു വിശുദ്ധനായ സന്ന്യാസിയുണ്ടായിരുന്നു. വിഹാരത്തിനടുത്തുള്ള ഗ്രാമത്തിൽ അവിവാഹിതയും അതി സുന്ദരിയുമായ യുവതിയും. അവൾ ഗർഭിണിയായി. കുഞ്ഞിന്റെ അച്ഛനാരെന്ന് ആ ചെറുപ്പക്കാരി പറഞ്ഞതേയില്ല. ആളുകളുടെ നിർബ്ബന്ധം കൂടിവന്നപ്പോൾ ആ സന്ന്യാസിതന്നെയാണ് അതിന്റെ ജനയിതാവെന്ന് അവൾ കള്ളം പറഞ്ഞു. ഗ്രാമവാസികളാകെ കോപിച്ചു. സന്ന്യാസി ശിശുവിനെ രക്ഷിച്ചുകൊള്ളണമെന്ന് അവർ ആവശ്യപ്പെട്ടു. മറ്റു സന്ന്യാസിമാർ അദ്ദേഹം മഠംവിട്ടു പോകണമെന്നും ഉറപ്പിച്ചു പറഞ്ഞു. അതെല്ലാം കേട്ട് വിശുദ്ധരിൽ വിശുദ്ധനായ അദ്ദേഹം "അങ്ങനെയോ? എന്നാൽ കുഞ്ഞിനെ ഇങ്ങുതരു" എന്ന് നിർദ്ദേശിച്ചു. ശിശുവിനെ കൈയിലെടുത്തുകൊണ്ട് അദ്ദേഹം ഭിക്ഷയാചിച്ചു നടന്നു. സംവത്സരങ്ങൾ കഴിഞ്ഞു. ഒരു ദിവസം അദ്ദേഹം ആ ഗ്രാമത്തിൽത്തന്നെ എത്തി. അപ്പോഴേക്കും ഗ്രാമവാസികളും മറ്റു സന്ന്യാസിമാരും കണ്ണീരൊഴുക്കിക്കൊണ്ട് അദ്ദേഹത്തിന്റെ അടുക്കലെത്തി. അവർ മാപ്പുചോദിച്ചു. കുഞ്ഞിന്റെ അമ്മ സത്യമറിയിച്ചു. ശിശു സന്ന്യാസിയുടേതല്ല. അതറിഞ്ഞ നാൾ മുതൽ അവർ അദ്ദേഹത്തെ അന്വേഷിക്കുകയായിരുന്നു. ഭാവവ്യത്യാസം ഒട്ടുമില്ലാതെ നിന്ന സന്ന്യാസി "അങ്ങനെയോ" എന്നു ചോദിച്ചുകൊണ്ട്, മാപ്പ് അപേക്ഷിച്ചുനിന്ന അമ്മയുടെ കൈയിൽ കുട്ടിയെ കൊടുത്തു. എന്നിട്ട് തിരിഞ്ഞുനടന്നുപോയി. ആ വിഹാരവും ആ ഗ്രാമവും പിന്നീട് അദ്ദേഹം കണ്ടതേയില്ല. ഈ ബുദ്ധസന്ന്യാസിയുടെ മാനസിക നില വളർത്തിയെടുക്കാമോ? എങ്കിൽ ജീവിതം സുഖപ്രദമായിരിക്കും. ആരു് എന്തെല്ലാം അപവാദങ്ങൾ പ്രചരിപ്പിച്ചാലും ആരു് എന്തെല്ലാം തെറി നേരിട്ടുവിളിച്ചാലും നമുക്ക് ഒരു ക്ലേശവുമുണ്ടാകുകയില്ല. ഇതു സിദ്ധാന്തതലത്തിൽ മാത്രം ശരി, പ്രായോഗികതലത്തിൽ പ്രയാസപൂർണ്ണം എന്നു ഞാനറിയുന്നുണ്ട്. എങ്കിലും ഞാനതിനു യത്നിക്കുകയാണ്. പ്രിയപ്പെട്ട വായനക്കാരും യത്നിക്കുമോ?

വിഗത ചേതനത്വം

> Every street lamp that I pass
> Beats like a fatalistic drum,
> And through the spaces of the dark
> Midnight shakes the memory
> As a madman shakes a dead geranium

ടി. എസ്. എൽയറ്റ്

എന്നു ടി. എസ്. എൽയറ്റ് ഒരു കാവ്യത്തിൽ. കവി കടന്നുപോകുന്ന ഓരോ തെരുവുവിളക്കും ഭവ്യതയുടെ ദുന്ദുഭിപോലെ താളംകൊട്ടുന്നു. (കാലത്തിന്റെ പ്രവാഹത്തെ തെരുവിളക്ക് അളന്നു കാണിക്കുന്നു എന്നാവാം അർത്ഥം—ലേഖകൻ.) അന്ധകാരത്തിന്റെ ശൂന്യസ്ഥലങ്ങളിലൂടെ അർദ്ധരാത്രി സ്മരണയെ പിടിച്ചു കുലുക്കുന്നു; ഭ്രാന്തൻ പട്ടുപോയ ജെറേനിയം ചെടിയെ പിടിച്ചു കുലുക്കുന്നതുപോലെ. എൽയറ്റ് വർണ്ണിക്കുന്നതുപോലെയുള്ള ഒരു രാത്രിയിലാണ് ഞാൻ ഈ വരികൾ കുറിക്കുന്നതു്. ആ ഓർമ്മകൾ ഏതു രീതിയിലുള്ളവയാണെന്നു് ഇവിടെ സ്പഷ്ടമാക്കേണ്ടതില്ല. എന്നാൽ ആ സ്മരണകളെയാകെ വിഗത ചേതനത്വത്തിലേക്കു നയിക്കുന്നു മുണ്ടൂർ സേതുമാധവന്റെ "മഴ, മഴ" എന്ന ചെറുകഥ. (മാതൃഭൂമി) മഴപെയ്യാൻ അഭിലഷിക്കുന്ന വൃദ്ധനായ പിതാവു്; നിസ്സംഗനായ മകൻ. മഴ പെയ്യുന്നു. പെരുവെള്ളപ്പാച്ചിൽ. അതിൽ അച്ഛൻ അപ്രത്യക്ഷനാകുന്നു. എന്തോ സിംബലിസമാണ് ഇക്കഥ. സത്യത്തെ ഇമ്മട്ടിൽ ആബ്സ്ട്രാക്ഷനായി—വിഗതചേതനത്വ സ്വഭാവമാർന്നതായി—ആവിഷ്കരിക്കുമ്പോൾ എന്റെ ചൈതന്യവും കെട്ടടങ്ങുന്നു. വികാരത്തിലൂടെ സത്യമാവിഷ്കരിക്കുന്ന കഥാകാരന്മാരെയാണ് എനിക്കിഷ്ടം. ആ ആവിഷ്കാരമുണ്ടാകുമ്പോൾ ആശയവും ധ്വനിച്ചുകൊള്ളും. സേതുമാധവന്റെ ഈ മാർഗ്ഗം ക്ലേശമുളവാക്കുന്നു; ആസ്വാദനത്തിനു തടസ്സമുണ്ടാക്കുന്നു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

പ്രായോഗികതലം, സിദ്ധാന്തതലം എന്ന രണ്ടു തലങ്ങളെക്കുറിച്ച് ഈ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞല്ലോ. സിദ്ധാന്തങ്ങളെ പ്രായോഗികങ്ങളാക്കാൻ വല്ലാത്ത പ്രയാസമാണ്. ഇക്കാണുന്നതൊക്കെ ബ്രഹ്മം എന്നു് എളുപ്പത്തിൽ ആർക്കും മൊഴിയാം. പക്ഷേ, റോഡിലൂടെ ആപത്തിനെക്കുറിച്ച് ഒരു സംശയവുമില്ലാതെ നടന്നുപോകുന്നവന്റെ മുതുകിൽ വർഗ്ഗീയ വിദ്വേഷംകൊണ്ട് ഒരുത്തൻ കത്തി കുത്തിയിറക്കുകയും അയാളുടെ കഥ അങ്ങനെ അവസാനിപ്പിക്കുകയും ചെയ്യുമ്പോൾ "ബ്രഹ്മം ബ്രഹ്മത്തെ കുത്തി. എന്നാലെന്തു്? ആയുധങ്ങൾ അതിനെ മുറിവേല്പിക്കുന്നില്ല. അഗ്നി അതിനെ ദഹിപ്പിക്കുന്നില്ല" എന്ന് ഉദീരണം ചെയ്താൽ എന്തുപ്രയോജനം? ഇവിടെ പുസ്തകത്തിൽനിന്നു കിട്ടിയതും അന്യൻ പറഞ്ഞുകൊടുത്തതും ആയ ആശയങ്ങൾ ആവർത്തിക്കാനുള്ള കൗതുകമേയുള്ളു. എന്നാൽ സനാതന മതത്തിന്റെ ഉദ്ഘോഷകനായി നടന്നുകൊണ്ട് പണം സമ്പാദിക്കുന്നവരെക്കുറിച്ചു നമ്മളെന്തുവിചാരിക്കണം? ഞാനും അങ്ങനെയൊരാളും കൂടി ഒരു സമ്മേളനത്തിൽ പ്രസംഗിക്കാൻ പോയി. പ്രവർത്തകർ ഞങ്ങളെ കൊണ്ടുചെന്നതു വിവാഹം നടക്കുന്ന ഒരു വീട്ടിലാണ്. അവിടത്തെ സദ്യയിൽ പങ്കുകൊള്ളാൻ ഞങ്ങൾ നിർബ്ബദ്ധരായി. വയറ്റുന്നപറഞ്ഞാൽ ഉച്ചയ്ക്ക് ഊണുകിട്ടില്ല. സദ്യ ഞാൻ വെറുക്കുന്നതു കൊണ്ടും ക്ഷണിക്കാതെ ചെന്നു കയറിയതുകൊണ്ടും ഞാൻ ഇലയുടെ മുൻപിൽ വെറുതെ ഇരുന്നതേയുള്ളു. മീറ്റിങ് തുടങ്ങുന്നതിനു് സ്വല്പം മുൻപു് സനാതനമതത്തിന്റെ ഉദ്ഘോഷകൻ ചോദിച്ചു: "എന്താ വല്ലാതിരിക്കുന്നതു്?" എന്റെ മറുപടി; "ഞാൻ ഉണ്ടതേയില്ല. വിശക്കുന്നു." ഉടനെ അദ്ദേഹം പറഞ്ഞു: "മാത്രാ സ്പർശസ്തു കൗന്തേയ ശീതോഷ്ണ സുഖദുഃഖദാഃ ആഗമാപായിനോ നിത്യാഃ താം സ്തിതിക്ഷസ്വ ഭാരത" (ഇന്ദ്രിയങ്ങൾക്ക് അവയുടെ വസ്തുക്കളുമായി സ്പർശമുണ്ടാകുമ്പോൾ ചൂടും തണുപ്പും വേദനയും ആഹ്ലാദവും ഉണ്ടാകും. അവ വരും, പോകും, ക്ഷണികങ്ങളാണ് അവ. അർജ്ജുന, അവയെ ക്ഷമയോടു കൂടി സഹിച്ചാലും) ഇതുകേട്ടു ഞാൻ അദ്ദേഹത്തെ അറിയിച്ചു: "സാറ് പറയുന്നതു് തത്ത്വചിന്തയുടെ വീക്ഷണഗതിയിൽ ശരി. പ്രായോഗിക തലത്തിൽ അതു ശരിയാകുന്നതെങ്ങനെ?" "ഏതു ഭാരതീയ തത്ത്വചിന്തയും പ്രായോഗിക തലത്തിൽ ശരിയാണ്", എന്ന് അദ്ദേഹത്തിന്റെ മറുപടി. മീറ്റിങ് തുടങ്ങി. തളർന്നിരിക്കുന്ന എന്നെ നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "കൃഷ്ണൻനായർ സ്സാറിനു് ഊണു ശരിപ്പെട്ടില്ലെന്നു പരാതി. എന്തർത്ഥമിരിക്കുന്നു അതിൽ? ചോറ് ബ്രഹ്മമല്ലേ? എന്റെ മുൻപിലിരിക്കുന്ന ഈ മൈക്ക് ബ്രഹ്മമല്ലേ? ഇതാ ഈ പൂച്ചെണ്ട് ബ്രഹ്മമല്ലേ?" പ്രസിദ്ധനായ ആ സന്ന്യാസിയുടെ പ്രസംഗം അങ്ങനെ കൊഴുത്തുവന്നു. ഇടയ്ക്കു ഗീതാസംസ്കൃതശ്ലോകം അടിച്ചുതിരകം സന്ന്യാസി. ഇടയ്ക്കു സംസ്കൃത ഡിണ്ഡിമശബ്ദം തൊട്ടുത്തുവിട്ടു സന്ന്യാസി. അങ്ങനെ തകർപ്പൻ പ്രസംഗം നടക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു: "പിന്നെ ശങ്കരാചാര്യർക്കുപറ്റിയ തെറ്റുകൾ തിരുത്തി ഞാൻ ഈശാവാസ്യോപനിഷത്തും കഠോപനിഷത്തും പുതുതായി വ്യാഖ്യാനിച്ചുകൊണ്ടു വന്നിട്ടുണ്ട്. ഈശാവാസ്യോപനിഷത്തിന് പതിനെട്ടുരൂപയും കഠോപനിഷത്തിന് പതിന്നാലുരൂപയും വിലയാണ്. മീറ്റിങ്ങിനശേഷം റൊക്കം വിലതന്ന് ആർക്കും അവ വാങ്ങാം. കുറച്ചു കോപ്പികളേയുള്ളൂ. "ഈശാവാസ്യമിദം സർവ്വം യത്കിഞ്ച ജഗത്യാം ജഗത് തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധഃ കസ്യസ്വിദ്ധനം" ആരുടെയും ധനം മോഹിക്കരുതു്. ആ നിസ്സംഗതയിലൂടെ ആത്മാവിനെ രക്ഷിക്കൂ… പിന്നെ ഈശാവാസ്യത്തിന് പതിനെട്ടുരൂപയും കഠത്തിന് പതിനാലുരൂപയും മാത്രമേയുള്ളു. തുച്ഛമായ വില. കുറച്ചു കോപ്പികൾ മാത്രം… "ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ. പൂർണ്ണസ്യപൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ… പരബ്രഹ്മവും വ്യവസ്ഥീകൃത ബ്രഹ്മവും അനാദ്യന്തം. വ്യവസ്ഥീകൃതബ്രഹ്മം പരബ്രഹ്മത്തിൽ നിന്നു് ഉണ്ടാകുന്നു… പിന്നെ ഈശാവാസ്യോപനിഷത്തിനു പതിനെട്ടുരൂപയും കഠോപനിഷത്തിനു പതിനാലുരൂപയും. റൊക്കം വിലതന്നു് ആർക്കും വാങ്ങാം. കുറച്ചു കോപ്പികൾ മാത്രം… ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ" മീറ്റിങ് കഴിഞ്ഞു. എല്ലാ കോപ്പികളും വിറ്റു. നോട്ടുകൾ സന്ന്യാസിയുടെ പോക്കറ്റിൽ കൊള്ളാതെ പുറത്തേക്കു ചാടി നില്ക്കുന്നു… മടക്കയാത്ര. സന്ന്യാസി "നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ" എന്ന ഉരുവിട്ടുകൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ വീടെത്തി. രണ്ടുനിലക്കെട്ടിടം എല്ലാ സൗകര്യങ്ങളുമുണ്ട്. ടെലഫോൺ, കളർ ടെലിവിഷൻ. അദ്ദേഹം കാറിൽ നിന്നിറങ്ങി. മുണ്ടു മടക്കിക്കുത്തി. പുഞ്ചിരിയോടെ ഒരു സൈഡിലേക്കു നോക്കിക്കൊണ്ടു കോണിപ്പടികൾ കയറി രണ്ടാമത്തെ നിലയിലേക്കു പോയി. സനാതനമതക്കാരനല്ലാത്ത, ഗീത വായിച്ചിട്ടില്ലാത്ത, ഈശാവാസ്യോപനിഷത്തു് വ്യാഖ്യാനിച്ചിട്ടില്ലാത്ത, ശങ്കരാചാര്യരുടെ തെറ്റു തിരുത്തിയിട്ടില്ലാത്ത, അകിഞ്ചനനായ ഞാൻ ഡ്രൈവറോടു ഗൗരവം വിടാതെ പറഞ്ഞു: "സാക്കീർ ഒരു വിൽസ് സിഗ്‌റ്റ് വാങ്ങു. എന്റെകൈയിൽ ചില്ലറയില്ല". ആ മനുഷ്യൻ വാങ്ങിത്തന്ന സിഗ്‌റ്റ് വലിച്ചു തീർന്നപ്പോൾ ഞാനും വീട്ടിന്റെ പടിക്കലെത്തി. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ഇ. വി. ശ്രീധരൻ


കാവാഫി

ചിലപ്പോൾ മനുഷ്യന്റെ ബോധമണ്ഡലം മുഴുവൻ ചിന്തകൾ നിറഞ്ഞതായിരിക്കും. വേറെ സന്ദർഭങ്ങളിൽ അതു തികച്ചും വൈകാരികമായിരിക്കും. സമകാലിക ജീവിതത്തിലെ കഷ്ടപ്പാടുകൾ കണ്ടു ശോകാകുലമായി ഭവിച്ച ഒരു ബോധമണ്ഡലത്തെ വാക്കുകൾകൊണ്ടു് അനായാസമായി പിടിച്ചെടുക്കുകയാണ് കലാകൗമുദിയിൽ "645 രൂപയുടെ കളി" എന്ന ചെറുകഥ എഴുതിയ ഇ. വി ശ്രീധരൻ. പ്രതിമാസ ശംബളമായ 645 രൂപകൊണ്ടു മദ്യപിക്കുകയും വ്യഭിചരിക്കുകയും ചെയ്യുന്ന യുവാവു്. അയാൾക്ക് അമ്മയ്ക്കു പണം അയച്ചുകൊടുക്കണമെന്നുണ്ട്. പക്ഷേ ജീവിതത്തിന്റെ വൈരസ്യത്തിൽനിന്നു രക്ഷ പ്രാപിക്കാനായി അയാൾ നിഷിദ്ധങ്ങളായ കൃത്യങ്ങളിൽ വിലയം കൊള്ളുന്നു. അമ്മയ്ക്കു അയച്ചു കൊടുക്കാനായി കരുതിവയ്ക്കുന്ന 150 രൂപ വ്യഭിചരിച്ചു തീർക്കുന്നു. അടുത്ത മാസത്തിലും ഇതുതന്നെ സംഭവിക്കുമെന്നു സൂചിപ്പിച്ചുകൊണ്ട് കഥാകാരൻ കഥ അവസാനിപ്പിക്കുന്നു. വികാരം കഥയുടെ അനപേക്ഷണീയഘടകമാണ്. ആ വികാരം സാന്ദ്രത ആവഹിക്കുന്നതുംനന്ന്. പക്ഷേ, ആ സാന്ദ്രത ഒരു പരിധി ലംഘിച്ചാൽ അതിഭാവുകത്വമായി മാറും. അതിഭാവുകത്വം കലയുടെ ശത്രുവാണ്. ആർജ്ജവത്തിന്റെ ശത്രുവാണ്. കഥാകാരൻ അതു മനസ്സിലാക്കി സാന്ദ്രതയാർന്ന വികാരത്തെ പ്രഗല്ഭമായി ചിത്രീകരിക്കുന്നു. സമകാലിക ജീവിതത്തിന്റെ ഹൃദയസ്പർശിയായ ചിത്രമായിട്ടുണ്ട് ശ്രീധരന്റെ ഈ ചെറുകഥ.



ജീവിതവൈരസ്യത്തിന്റെ കലാത്മകമായ സ്ഫുടീകരണമാണ് ഇവാൻ ഗൊൺചാറോഫിന്റെ Oblomov എന്ന നോവൽ. മേശയിൽ കൈമുട്ട് ഊന്നി വായിക്കാനെടുത്ത പുസ്തകത്തിൽ തലചാരി ഇരിക്കുന്ന കഥാപാത്രത്തിന്റെ ചിത്രം നമ്മുടെ ആത്മാവിനെ പിടിച്ചു കുലുക്കും. കാവാഫിയുടെ ചേതോഹരങ്ങളായ കാവ്യങ്ങൾക്കും ഈ ശക്തിയുണ്ട്.

> Easy to guess what lies ahead:
> all of yesterday's boredom.
> And tomorrow ends up no longer like tomorrow.

(C. P. Cavafy—Collected Poems, Monotony. Translated by E. Keeley and P. Sherrard. PP. 31–50)

കൃത്രിമത്വം

ഇന്ദ്രിയങ്ങൾ നൽകുന്ന ഹർഷോന്മാദത്തിനുവേണ്ടി ഭർത്താവിനെ സമീപിക്കുന്ന ഭാര്യയ്ക്ക് നൈരാശ്യമായിരിക്കും ഉണ്ടാവുക. കാരണം വിവാഹം കഴിഞ്ഞു മൂന്നോ നാലോ ദിവസമേ അയാൾക്ക് ആ ഹർഷോന്മാദം ഉളവാക്കാൻ കഴിയുകയുള്ളു എന്നതാണ്. ജീവിതം നിരാശതാ ജനകവും വൈരസ്യപൂർണ്ണവുമാണെന്നു കണ്ട് അവൾ പല മാർഗ്ഗങ്ങൾ അംഗീകരിക്കുന്നു. (1) പതിവായി സിനിമയ്ക്കു പോകും. (2) ഒരു കൂട്ടുകാരിയെ തേടിയെടുത്തു് അവളോടൊരുമിച്ചു മണിക്കൂറുകൾ കഴിച്ചുകൂട്ടും. (3) കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരെ പഠിപ്പിക്കുന്നതിൽ മാത്രം വ്യാപൃതരാകും. (4) അടുത്ത വീട്ടിൽച്ചെന്നു് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കും. (5) അവൾ മദ്ധ്യവയസ്കയായാൽ, പേരക്കുട്ടിയെ താലോലിച്ചുകൊണ്ട് ആഹ്ലാദിക്കും. (6) പ്രസംഗിക്കാൻ കഴിവുള്ളവളാണെങ്കിൽ എന്നും വൈകിട്ടു സമ്മേളനങ്ങളിൽ പങ്കുകൊള്ളാൻ പോകും. (ഇക്കൂട്ടരെ പുരുഷന്മാർ ഭയപ്പെടണം. ജീവിത നൈരാശ്യം കൊണ്ടും ഭർത്താവിനോടുള്ള ദേഷ്യംകൊണ്ടുമാണ് ഇവർ പ്രസംഗിക്കാൻ ഇറങ്ങുന്നതു്. അതുകൊണ്ട് കൂടെ പ്രസംഗിക്കുന്ന പുരുഷന്മാരെ എതിർത്തും പുലഭ്യം പറഞ്ഞും ഇവർ ഭർത്താവിനോടു തോന്നുന്ന ദേഷ്യത്തിനു ശമനം നല്കും.) രാജി എസ്. സിന്ധു മനോരാജ്യം വാരികയിലെഴുതിയ "പാവക്കുട്ടി" എന്ന കഥയിൽ ഈ വിഭാഗത്തിലൊന്നും പെടാത്ത ഒരു ഭാര്യയെയാണ് നമ്മൾ കാണുക. ഭർത്താവ് അവളുടെ വ്യക്തിത്വം നശിപ്പിക്കുന്നു. അച്ഛനമ്മമാർ അയാളുടെ വശംചേർന്നുനില്ക്കുന്നു. പെണ്ണുതകർന്നുപോകുന്നതിന്റെ ചിത്രം വരയ്ക്കാനാണ് രാജി എസ്. സിന്ധുവിന്റെ ശ്രമം. ഇമേജസിലൂടെ ആ തകർച്ചയെ ആലേഖനംചെയ്യാതെ വിവരണത്തിൽ അഭിരമിക്കുകയാണ് അവർ. അവരുടെ വാക്യങ്ങളും കൃത്രിമങ്ങളാണ്: "ഭർത്താവിന്റെ പ്രതാപം വാങ്ങിക്കൊടുത്ത കളിർമ്മ കിടപ്പുമുറിയെ പൊതിഞ്ഞിരുന്നതിനാൽ, വെളിയിൽ തിളയ്ക്കുന്ന വെയിലിന്റെ കരങ്ങൾക്ക് അവളെ സമീപിക്കാൻ കഴിഞ്ഞിരുന്നില്ല." എന്നതു് ഒരു വാക്യം. ഏയർകണ്ടിഷൻ ചെയ്ത മുറിയിൽ ചൂടുതോന്നിയില്ല എന്നാണ് രാജി എസ്. സിന്ധുവിനു പറയാനുള്ളതു്. അതിനാണ് ഈ വക്രതയെല്ലാം. Literary expression വേണമെങ്കിൽ വളച്ചുകെട്ടിയാൽ അതുണ്ടാവുമോ? 'അവൾ വീണവായിച്ചതു ഞാൻ കേട്ടു' എന്നു് എനിക്കു പറയാം. അതിനുപകരമായി 'കമ്പിയുടെ പരമാണുക്കളും വിരലിലെ പരമാണുക്കളും തമ്മിൽ ആകർഷണവും വികർഷണവും ഉണ്ടായി ചില ശബ്ദതരംഗങ്ങൾ വായുവിൽ വ്യാപിക്കുകയും അതു് എന്റെ ബാഹ്യശ്രോത്രത്തിലൂടെ കടന്നു് ആന്തരശ്രോത്രത്തിലെത്തുകയും കോക്ലിയയെ ചലിപ്പിക്കുകയും സിലിയ എന്ന മൃദുരോമങ്ങളെ സ്പന്ദിപ്പിക്കുകയും ചെയ്തുകൊണ്ട് സ്നായുക്കളിലൂടെ സഞ്ചരിച്ചു മസ്തിഷ്കത്തിൽ എത്തുമ്പോൾ ഹാ എന്തൊരു ആനന്ദാനുഭൂതി!" എന്നു പറഞ്ഞാലോ? ഈ വിലക്ഷണവാക്യം സാഹിത്യമായി ഭവിക്കുമോ? ഭവിക്കും എന്നാണ് നമ്മുടെ കഥയെഴുത്തുകാരുടെ തെറ്റിദ്ധാരണ.

പി. ടി. ഉഷ

ചുട്ടുപഴുത്ത ഒരു ഇരുമ്പുകഷണം കൊടിലുകൊണ്ടെടുത്തു് ഉയർത്തിപ്പിടിക്കുന്നുവെന്നു കരുതൂ. നേരം കഴിയുമ്പോൾ അതിന്റെ ഉത്തപ്താവസ്ഥ മാറുന്നു. വലിയ ചൂട്, ചെറിയചൂട്, ചൂടില്ലാത്ത അവസ്ഥ എന്ന അവസ്ഥകൾ അതിനു ക്രമാനുഗതമായി ഉണ്ടാകുന്നു. ഒടുവിൽ ഇരുമ്പുകഷണം നമുക്കു തൊടാമെന്നു മാത്രമല്ല തണുപ്പു് അനുഭവപ്പെടുകയും ചെയ്യും. അതേ സമയം അന്തരീക്ഷത്തിനു ചൂടേറും. ഇരുമ്പുകഷണത്തിന്റെ ഊർജ്ജം അന്തരീക്ഷത്തിനു പകർന്നു കിട്ടിയതുകൊണ്ടാണ് ഇതു സംഭവിക്കുന്നതു്. വീണ്ടും ഇരുമ്പുകഷണം പഴുപ്പിക്കാം. ചുട്ടുപഴുത്ത അവസ്ഥ, ധവളോജ്ജ്വലാവസ്ഥ ഇവയെല്ലാം അതിനു നല്ലാം. ഇരുമ്പുകഷണത്തിന്റെ ഊർജ്ജത്തിന്റെ അളവനുസരിച്ച് അന്തരീക്ഷത്തിനും ഊർജ്ജം ലഭിക്കും. പി. ടി. ഉഷ എന്ന ഓട്ടക്കാരി ഊർജ്ജം എത്ര കണ്ടു സംഭരിച്ച് ഓട്ടുന്നുവോ അത്രകണ്ടു് പ്രേക്ഷകർ ആഹ്ലാദിക്കും. ആ യുവതി പ്രസരിപ്പിക്കുന്ന ഊർജ്ജം പകർന്നുകിട്ടുന്ന ജനങ്ങൾ ഇളകിമറിയുന്നു. അതേ സമയം വ്യക്തിയെന്ന നിലയിൽ ആ ചെറുപ്പക്കാരി നശിക്കുകയാണ്. ഒരു ഇരുമ്പുകഷണത്തെ എത്രകാലം വൈറ്റ്ഹോട്ട് ആക്കാം? അല്ലെങ്കിൽ റെഡ്ഹോട്ട് ആക്കാം? കുറെക്കഴിയുമ്പോൾ പരമാണുക്കൾ തകരുകയില്ലേ? സങ്കീർണ്ണവും ചൈതന്യാത്മകവുമായ മനുഷ്യശരീരം ഇതിനെക്കാളൊക്കെ വളരെ വേഗം തകർന്നുപോകും. പി. ടി. ഉഷയ്ക്കു സ്വർണ്ണമെഡൽ കിട്ടാത്തതിൽ കണ്ണീരൊഴുക്കിയവർ ധാരാളം. ആ യുവതി സ്ത്രീത്വം നശിപ്പിച്ചു തകർന്നടിയുന്നതിൽ എനിക്കു വല്ലായ്മ. മലയാള മനോരമ ആഴ്ചപ്പതിപ്പിൽ ഉഷയുടെ ചിത്രം കവർപേജിൽ കണ്ടപ്പോൾ ഇത്രയും കറിക്കണമെന്നു തോന്നി. സ്പോർട്സിൽ "സ്വർണ്ണം കൊയ്യുന്നതും" മറ്റും വലിയ കാര്യമല്ല. അതു് അഭിമാനമല്ല, ദുരഭിമാനമാണ്. എത്രയെത്രപേർ ഇതിനകം സ്വർണ്ണംകൊയ്തു? അവരുടെ പേരുകൾ പോലും നമ്മൾ ഓർമ്മിക്കുന്നില്ല. പ്രകൃതി നല്കിയ ശരീരത്തെ പരിരക്ഷിച്ച്, സ്ത്രീത്വം നശിപ്പിക്കാതെ ജീവിക്കുന്നതാണ് ഉത്കൃഷ്ടമായിട്ടുള്ളതു്. മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ ഉദ്ദേശ്യ ശുദ്ധിയാൽ മാപ്പു നല്കിൻ.

ഈ ലോകത്തു് ഞാനേറ്റവും വെറുക്കുന്നതു് പെർഫ്യൂമാണ്. ദുബായിയിൽ നിന്നു വന്ന ഒരു സ്നേഹിതൻ ഒരു കുപ്പി 'സെന്റ്' കൊണ്ടുതന്നു. സ്നേഹിതനെ വേദനിപ്പിക്കരുതല്ലോ എന്നു കരുതി ഞാനതു സ്വീകരിച്ചു. മേശപ്പുറത്തുവച്ചിരുന്ന ആ സെന്റ് കുപ്പി ആരോ തുറന്നു വച്ചു. വീടാകെ മണം. തൽക്കാലത്തേക്കു വൈഷമ്യവും തലവേദനയും. കുറെക്കഴിഞ്ഞപ്പോൾ സൗരഭ്യം ഇല്ലാതായി. കുപ്പി മണപ്പിച്ചു നോക്കിയപ്പോൾ അതിനകത്തെ ദ്രാവകത്തിനും മണമില്ല. പ്രകൃതിനിയമം!

സ്വാഭാവിക പരിണാമം


മിഹായിൽ ഷൊലൊഹോഫ്

മിഹായിൽ ഷൊലൊഹോഫിന്റെ (Mikhail Sholokhov) ചേതോഹരമായ കഥയാണ് Fate of Man. ജർമ്മൻ പട്ടാളക്കാരുടെ തടവുകാരനായിരുന്ന അയാൾ രക്ഷപ്പെട്ടു നാട്ടിലെത്തുന്നു. വഴിക്കുവച്ച് അച്ഛനും അമ്മയും ഇല്ലാത്ത ഒരു കൊച്ചുകുട്ടിയെ അയാൾ കണ്ടു. അയാൾ അവനെ കൂട്ടിക്കൊണ്ടുപോന്നു. അടുത്ത ദിവസം ചിന്താമഗ്നനായിരുന്ന ആ കൊച്ചുകുട്ടിയോട് അയാൾ ചോദിച്ചു: "മോനേ നീ എന്താണ വിചാരിക്കുന്നതു്?" കുട്ടി: "അച്ഛന്റെ ലതർകോട്ട് എവിടെ?" ജീവിതത്തിലൊരിക്കലും അയാൾക്കു ലതർ കോട്ട് ഉണ്ടായിരുന്നില്ല. കുട്ടിയുടെ അച്ഛൻ – ജർമ്മൻകാർ കൊന്നുകളഞ്ഞ അച്ഛൻ – അതുണ്ടായിരുന്നു. അതു മനസ്സിലാക്കി അയാൾ പറഞ്ഞു: "ഞാൻ അതു വേറോണിഷ് പട്ടണത്തിലെവിടെയോ കളഞ്ഞു മോനേ". കുട്ടി വീണ്ടും ചോദിച്ചു. അച്ഛൻ എന്നെ കണ്ടുപിടിക്കാൻ ഇത്രയും വൈകിയതെന്തു്?" അയാൾ: "മോനേ നിന്നെ ഞാൻ ജർമ്മനിയിലും പോളണ്ടിലും ബൈലോ റഷ്യയിലും നോക്കി. കണ്ടുകിട്ടിയതു് യുറിയുപിൻസ്കിൽ വച്ച്". അന്യന്റെ കുഞ്ഞിനെ തന്റെ കുഞ്ഞായിക്കരുതിയുള്ള ഈ പ്രസ്താവം തികച്ചും സ്വാഭാവികമായിരിക്കുന്നു. ഈ പരകോടിയിൽ ചെന്നു ചേരത്തക്കവിധത്തിൽ ഷൊലൊഹോഫ് കഥ പറഞ്ഞിരിക്കുന്നു.


കോൾറിജ്

ഗൾഫ് രാജ്യത്തുപോയ അലക്കുകാരൻ രാജുവിനെ കാണുന്നില്ല. അങ്ങോട്ടേക്കു പോകുന്ന ഓരോ വ്യക്തിയോടും അയാളെ കണ്ടുപിടിക്കാൻ ഒരുത്തൻ അപേക്ഷിക്കുന്നു. രാജുവിന്റെ അമ്മ മരണശയ്യയിലാണ്. ഈ അഭ്യർത്ഥന കേട്ടു ഒരു യാത്രക്കാരന്റെ മനസ്സലിയുന്നു. രാജുവിന്റെ അമ്മയെ സമാശ്വസിപ്പിക്കാനായി അയാൾ പോകാൻ സന്നദ്ധനാകുന്നു. "ഞാനാണ രാജു. നിങ്ങളാണ രാജു" എന്നാണ് അയാൾ പറയുക. ഗൾഫ് രാജ്യത്തുപോകുന്ന പലരെയും കാണാതെയാകുന്നു. അവരുടെയെല്ലാം പ്രതിനിധിയാണ് രാജു. അഭ്യർത്ഥന കേൾക്കുന്നവൻ രാജുവായി മാറുന്നതു് മരിക്കാൻകിടക്കുന്ന അമ്മയെ ആശ്വസിപ്പിക്കാനാണ്. ഈ മാറ്റം അസ്വാഭാവികമായിരിക്കുന്നതിനു ഹേതു കഥാകാരനായ നൂറൽ അമീൻ കഥയെഴുതാൻ അറിഞ്ഞുകൂടാ എന്നതുതന്നെ (കുങ്കുമത്തിലെ 'നിന്നെയും തേടി' എന്ന കഥ). കഴിഞ്ഞ സംഭവങ്ങളുടെയെല്ലാം സ്വാഭാവികപരിണാമമാണ് ഷൊലൊഹോഫിന്റെ കഥയിലുള്ളതു്. നൂറൽ അമീന്റെ കഥയിൽ ആ സ്വാഭാവികപരിണാമമില്ല. അതിനാൽ അതൊരു പരാജയം മാത്രം.

അരയന്നങ്ങൾ മരിക്കുന്നതിനു മുൻപു പാടുന്നു. ചിലയാളുകൾ പാടുന്നതിനു മുൻപു മരിച്ചാൽ അതു ചീത്തക്കാര്യമായിരിക്കില്ല—കോൾറിജ്.

കണ്ടിഷൻഡ് റിഫ്ലെക്സ്

സർ. സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണം തിരുവിതാംകൂറിൽ നടക്കുന്ന കാലം. ജനങ്ങൾ ഒറ്റക്കെട്ടായി അദ്ദേഹത്തെ എതിർത്തു. പക്ഷേ സത്യനേശൻ എന്നൊരുമാന്യൻ സി. പി.യെ അനുകൂലിച്ചുകൊണ്ട് ഒരു പത്രം പ്രസിദ്ധപ്പെടുത്തിയിരുന്നു. ജനരോഷം ആളിക്കത്തുകയാണ്. എങ്കിലും ധീരനായ സത്യനേശൻ ആരെയും വകവച്ചിരുന്നില്ല. സ്ഥൂല ഗാത്രമുള്ള അദ്ദേഹം ഒരു പേടിയുംകൂടാതെ റോഡിലൂടെ നടക്കും. ആരു ഭർത്സിച്ചാലും ക്ഷോഭിക്കില്ല. സി. പി. രാമസ്വാമി അയ്യർ പരാജയപ്പെട്ടിട്ടും സത്യനേശൻ ആദ്യകാലത്തെ വിശ്വാസങ്ങളിൽ ഉറച്ചുനിന്നു. എനിക്കു് അദ്ദേഹത്തെ ബഹുമാനമാണ്. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ മാർക്സിസ്റ്റായും അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ വലതുപക്ഷ കമ്മ്യൂണിസ്റ്റായും കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കോൺഗ്രസ്സുകാരനായും ഭാവിക്കുന്ന ഒരു വ്യക്തിയോടു താരതമ്യപ്പെടുത്തിയാൽ സത്യനേശൻ പുരുഷരത്നമാണ്. സവിശേഷതയാർന്ന രാഷ്ട്രീയ സിദ്ധാന്തങ്ങളാൽ 'പ്രീ കണ്ടിഷൻ' ചെയ്യപ്പെട്ട ആളായിരുന്നു അദ്ദേഹം. സാഹിത്യത്തിലുമുണ്ട് ഈ പ്രീ കണ്ടിഷനിങ്. വിശ്വസാഹിത്യം വായിച്ചു വായിച്ചു് ഞാൻ ആ വിധത്തിൽ 'കണ്ടിഷൻഡ്' ആയിപ്പോയി—വ്യവസ്ഥീകൃത സ്വാഭാവമുള്ളവനായിപ്പോയി. കാളിദാസന്റെയും മാഘന്റെയും കൃതികൾമാത്രം വായിക്കുന്ന സംസ്കൃതക്കാരനുമുണ്ട്. ഈ വിധത്തിൽ ഒരു കണ്ടിഷനിങ് മാതൃഭൂമിവാരികയിലും കലാകൗമുദിയിലും ദീപിക ആഴ്ചപ്പതിപ്പിലും മനോരമ ആഴ്ചപ്പതിപ്പിലും എഴുതുന്നവർക്കു് വ്യത്യസ്തങ്ങളായ 'കണ്ടിഷനിങ്' ഉണ്ടാകും. ദേശാഭിമാനി വാരികയിൽ എഴുതുന്നവർക്ക് ഇവയിൽ നിന്നെല്ലാം വിഭിന്നമായ കണ്ടിഷനിങ് ആണുള്ളതു്. എൻ. കെ. ദേശം ദേശാഭിമാനി വാരികയിലെഴുതിയ "സഹസ്രകവചൻ" എന്ന കാവ്യത്തിൽ നിന്നു് ഒരുഭാഗം ഉദ്ധരിക്കട്ടെ:

> "അവാർഡു തുണ്ടിനാൽ, കരയും വിപ്ലവ
> കവികളെയവൻ വിലയ്ക്കുവാങ്ങുന്നു;
> മദംപൊട്ടുമുച്ഛംഖല ബലങ്ങളെ
> മയക്കുന്നു വശ്യമരുന്നിൻ വീര്യത്താൽ;
> അടിപ്പെടാത്ത ധിക്കൃതികളെയടി-
> ച്ചൊതുക്കുവാൻ ക്ലിപ്പടയെപ്പോറ്റുന്നു.
> നിരോധനാജ്ഞയായ്, നികുതിയായ്തരി
> നിയമമായ്, ഹിംസാനിരതനീതിയായ്,
> കഴുമരങ്ങളായ്, പുരോഗതിയുടെ
> വഴിയടച്ചവൻ വളർന്നുനില്ക്കുന്നു.
> തിരുത്തിമാർക്കുകൾ പെരുക്കി, പുത്രനെ
> മെഡിക്കൽകോളേജിലയയ്ക്കുന്നു:"

ഇതിലെ ഓരോ പ്രസ്താവവും സത്യത്തിൽ സത്യം. അതുകൊണ്ട് ഞാൻ എൻ. കെ. ദേശത്തെ സവിനയം അഭിനന്ദിക്കുന്നു. പക്ഷേ ഒന്നുമാത്രം ഇതിനില്ല; കവിത. പ്രീ കണ്ടിഷനിങ്ങിന്റെ ഫലമാണ് മേശപ്പുറത്തുകയറിനിന്നുള്ള ഈ മൈതാനപ്രസംഗം. ഇടിവെട്ടുമ്പോൾ അച്ഛൻ പേടിച്ചാൽ കൊച്ചുമകനും പേടിക്കും. അച്ഛൻ ധീരനായിനിന്നാൽ കൊച്ചുമകനും ധീരനായി നില്ക്കും. അതാണ് കണ്ടിഷനിങ്. തങ്ങൾ എഴുതുന്ന വാരികയുടെ പോളിസിക്കുചേർന്ന മട്ടിൽ കവികൾ കണ്ടിഷൻഡ് ആയിപ്പോയാൽ ഇങ്ങനെ മാത്രമേ എഴുതാൻ പറ്റൂ.

ഈ ലേഖനമെഴുതുന്ന ആൾ കമ്മ്യൂണിസ്റ്റ് വിരുദ്ധനല്ല. എങ്കിലും കണ്ടിഷനിങ്ങിന്റെ സ്വഭാവം വ്യക്തമാക്കാൻ ഒരു നേരമ്പോക്കു് എടുത്തെഴുതുന്നു. പലരും കേട്ടിരിക്കാനിടയുള്ള ഒരു നേരമ്പോക്ക്. അമേരിക്കയിലെ ഒരു പട്ടണത്തിൽ വച്ച് അവിടത്തെ ഒരു ശ്വാനൻ റഷ്യയിൽ നിന്നു് എത്തിയ മറ്റൊരു ശ്വാനനെ കണ്ടു.

അമേരിക്കൻപട്ടി ചോദിച്ചു: "അമേരിക്ക ഇഷ്ടപ്പെട്ടോ?" റഷ്യൻപട്ടി മറുപടി നല്കി:

"റഷ്യയിൽ വൊഡ്കയിൽ മുക്കിയ എല്ലിൻകഷണങ്ങളാണ് ഞാൻ തിന്നുന്നതു്. കമ്പിളിവിരിച്ച ശ്വാനഭവനമുണ്ടെനിക്ക്. സൈബീരിയയിലെ തടികൊണ്ടാണ് എന്റെ ഭവനം ഉണ്ടാക്കിയിട്ടുള്ളതു്."

അമേരിക്കൻപട്ടി: പിന്നെ താങ്കളെന്തിന് ഇവിടെ വന്നു?

റഷ്യൻപട്ടി: വല്ലപ്പോഴും എനിക്കൊന്നു കുരയ്ക്കണം.

മരണം

ഹ്യൂഗോ ഹൊഫ്മാൻസ്താൽ

ആസ്ട്രിയൻ കവിയും നാടകകർത്താവുമായ ഹ്യൂഗോ ഹൊഫ്മാൻസ്താലിന്റെ Hugo Von Hofmannsthal, 1874–1929) Death and the Fool എന്ന നാടകം വിഖ്യാതമാണ്. ജീവിതത്തിന്റെ ശൂന്യത മരണത്തിൽനിന്നുതന്നെ ക്ലോഡിയോ എന്ന പ്രഭു മനസ്സിലാക്കുന്നതാണ് ഈ നാടകത്തിലെ പ്രമേയം. അർത്ഥ ശൂന്യമായ കലാസപര്യയിൽ മുഴുകി ജീവിതം വ്യർത്ഥമാക്കിയ ക്ലോഡിയോക്ക് ജീവിതമെന്താണെന്നു മരണം (മരണം കഥാപാത്രമാണ് ഈ നാടകത്തിൽ) പഠിപ്പിച്ചുകൊടുക്കുന്നു.

> So from the dream of life I now may wake
> Cloyed with emotion, to death's wakefulness

എന്നു പറഞ്ഞുകൊണ്ട് അയാൾ മരണത്തിന്റെ കാല്ക്കൽ മരിച്ചുവീഴുന്നു. (Death & the Fool. Translated by Michael Hamburger, Page 166. Masters of Modern Drama, A Random House Book, $ 19.95.)

കെ. പി. അബൂബക്കർ മരണത്തെ പ്രതിപാദ്യവിഷയമായി സ്വീകരിച്ചു രചിച്ച "ജീവിച്ചിരിക്കുന്നവന്റെ ശവപ്പെട്ടി" എന്ന കഥ (ചന്ദ്രിക ആഴ്ചപ്പതിപ്പ്) മരണത്തിലേക്കു നടന്നു് അടുക്കുന്ന മനുഷ്യന്റെ നിസ്സഹായാവസ്ഥയെ അഭിനന്ദനാർഹമായി ചിത്രീകരിക്കുന്നു. മരണത്തെക്കുറിച്ചു മറ്റൊരു സങ്കല്പം.

കുട്ടിക്കൃഷ്ണമാരാർ ഒരിക്കൽ എന്നോടു ചോദിച്ചു: "തിരുവിതാംകൂറിലുള്ളവർക്ക് നിരാശയല്ലേഉള്ളു നിരാശതയില്ലല്ലോ?" എന്റെ മറുപടി: "അതേ കഴിയുന്നിടത്തോളം അക്ഷരങ്ങൾ കുറയ്ക്കണമെന്ന് അങ്ങുതന്നെ 'മലയാള ശൈലി'യിൽ എഴുതിയിട്ടില്ലേ?" ഞാനങ്ങനെ പറഞ്ഞെങ്കിലും കുട്ടിക്കൃഷ്ണമാരാരുടെ പരിഹാസത്തിൽ അർത്ഥമുണ്ട്. നിരാശൻ = ആശയറ്റവൻ; നിരാശാ = ആശയറ്റവൾ; അവരുടെ ഭാവം നിരാശത അല്ലെങ്കിൽ നൈരാശ്യം (തടസ്ഥം നൈരാശ്യാദപി ചകലുഷം… ഉത്തരരാമചരിത്രം 3–13).

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.